**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 4231 — 19.10.2011 -ൽ മറുപടിയ്ക്ക്

## വയലാർ ഖാദി സ്പിന്നിംഗ് & വീവിംഗ് സെന്ററിലെ തൊഴിലാളി പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. തിലോത്തമൻ** | | **സി.എൻ. ബാലകൃഷ്ണൻ (ബഹു. സഹകരണവും, ഖാദിയും വകുപ്പ് മന്ത്രി)** | |
| (എ) | ചേർത്തല വയലാർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഖാദി സ്പിന്നിംഗ് ആന്റ് വീവിംഗ് സെന്ററിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു എന്നു വ്യക്തമാക്കുമോ; | (എ) | 26 പേർ |
| (ബി) | അവിടത്തെ തൊഴിലാളികളുടെ ജോലി ഭാരം വളരെ കൂടുതലും വേതനം തുച്ഛവുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്. അതിനാൽ പ്രസ്തുത തൊഴിലാളികളെ വരുമാന പൂരക പദ്ധതിയിലുൾപ്പെടുത്തി (Income support scheme) സംസ്ഥാന സർക്കാർ അനുവദിച്ച തുക വിനിയോഗിച്ച് മിനിമം വേതനം വിതരണം ചെയിട്ടുണ്ട്. തുടർന്നും മിനിമം വേതനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | 23 വർഷമായി ഖാദി രംഗത്ത് തുടരുന്ന പ്രസ്തുത തൊഴിലാളികൾക്ക് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനമെങ്കിലും നൽകാൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | ഖാദി തൊഴിലാളികൾക്ക് വേതനത്തിനു പുറമേ സർക്കാർ നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ഡി) | വേതനത്തിനു പുറമെ ഉല്പാദന ഇൻസെന്റീവ്, വരുമാന പൂരക പദ്ധതിയിലുൾപ്പെടുത്തിയുള്ള സഹായം, ഓണക്കാലത്ത് ഉത്സവ ബത്ത തുടങ്ങിയവ നൽകിവരുന്നു. കൂടാതെ കേന്ദ്രസർക്കാർ അനുവദിച്ച എം.ഡി.എ. യുടെ 25% തൊഴിലാളികൾക്ക് നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| എഫ്) | ഇല്ലെങ്കിൽ പ്രസ്തുത സെന്ററിൽ യന്ത്രവൽകൃത തറികൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | എഫ് | അഖിലേന്ത്യാ ഖാദി കമ്മിഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ച് യന്ത്രവൽകൃത തറികൾ സ്ഥാപിക്കുന്നതിന് അനുവാദമില്ല. |
| (ജി) | ഖാദി നൂൽ കിഴിയാക്കുന്നതിന് എത്ര രൂപ വച്ചാണ് കൂലി നിശ്ചയിച്ചിരിക്കുന്നതെന്നും ഒരു തൊഴിലാളി പ്രതിദിനം ശരാശരി എത്ര കിഴികൾ ഉണ്ടാക്കുമെന്നും വ്യക്തമാക്കാമോ; | (ജി) | 70 s പോളിസ്റ്റർ ഒരു കിഴി നൂൽക്കുന്നതിന് 2.76 രൂപയും 90 s പോളി ഒരു കിഴി നൂൽക്കുന്നതിന് 2.87 രൂപയും കൂലി നൽകുന്നു. ഈ വെറൈറ്റികളിൽ ഒരു തൊഴിലാളി പ്രതി ദിനം ശരാശരി 25 കിഴി നൂൽ ഉല്പാദനം നടത്തും. |
| എച്ച്) | കിഴിയുണ്ടാക്കുന്നതിന് സെമി ആട്ടോമാറ്റിക് യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനു നിലവിലുള്ള തടസ്സം എന്താണ് എന്നു വ്യക്തമാക്കാമോ; | എച്ച് | അഖിലേന്ത്യാ ഖാദി കമ്മിഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ച് യന്ത്രവൽകൃത തറികൾ സ്ഥാപിക്കുന്നതിന് അനുവാദമില്ല. |
| ഐ) | ഖാദി സെന്ററുകളിലെ തൊഴിലാളികൾക്ക് മെഡിക്കൽ ആനുകൂല്യം നൽകുന്നുണ്ടോ; ഇവരുടെ ആരോഗ്യപരിരക്ഷയ്ക്കായി മെഡിക്കൽ ആനുകൂല്യ തുക വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | ഐ) | ഉണ്ട്.<br>തുക വർദ്ധിപ്പിക്കുന്നത് തീരുമാനമായിട്ടില്ല. |
| (ജെ) | പ്രസ്തുത തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നുണ്ടോ എന്നു വ്യക്തമാക്കാമോ; | (ജെ) | ഉണ്ട്. |

| | | | |
|---|---|---|---|
| (കെ) | ഖാദി തൊഴിലാളികൾക്കുള്ള മിനിമം വേതനം നിലവിൽ എത്രയാണെന്നും അവർക്ക് നൽകുന്ന ഡി.എ. എത്ര രൂപയാണെന്നും വ്യക്തമാക്കാമോ; വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനവും കുടിശ്ശികയും ഏതു മാസം വരെ അവർക്കു നൽകിയെന്നു വെളിപ്പെടുത്താമോ; | (കെ) | ഖാദി നൂൽപ്പു തൊഴിലാളികൾക്ക് പ്രതിദിനം 100 രൂപയും നെയ്ത്തുകാർക്ക് വെററ്റി അനുസരിച്ച് 125 രൂപ മുതൽ 150 രൂപ വരെയുമാണ് മിനിമം വേതനം. ഡി.എ 41 രൂപയാണ്. മിനിമം വേതനം 2010 ഏപ്രിൽ മാസം മുതൽ 2011 ഫെബ്രുവരി വരെ നൽകിയിട്ടുണ്ട്. |
| (എൽ) | ഖാദിയുടെ വിപുലമായ പ്രചാരണത്തിനും ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഉന്നമനത്തിനും വേണ്ടി എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വെളിപ്പെടുത്താമോ ? | (എൽ) | പുതിയ വില്പനശാലകൾ തുടങ്ങുന്നതിനും നിലവിലുള്ള വില്പനശാലകൾ നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പ്രത്യേക കേന്ദ്രങ്ങളിൽ വിപണനമേളകളും എക്സിബിഷനുകളും സംഘടിപ്പിക്കുന്നതാണ്.<br><br>ഖാദി തൊഴിലാളികളുടെ ഉന്നമനത്തിനായി, ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് - 4/7/2011-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാനപ്രകാരം ഖാദി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതിയിയെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് - സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം. 992/2011/വ്യവ. തീയതി, തിരുവനന്തപുരം, 09/08/2011.

---

പരാമർശം:- ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ 2/8/2011-ലെ 16/Note/11/M (Co- OP) നമ്പർ കുറിപ്പ്.

**<u>ഉത്തരവ്</u>**

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 4/7/2011 -ന് കൂടിയ യോഗത്തിലെ തീരുമാനപ്രകാരം ഖാദി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന അംഗങ്ങളടങ്ങുന്ന സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

| | | |
|---|---|---|
| 1. | ശ്രീ. പി. ഗോപിനാഥൻ നായർ, ചെയർമാൻ, കേരള ഗാന്ധി സ്മാരകനിധി, തൈക്കാട്, തിരുവനന്തപുരം. | ചെയർമാൻ |
| 2. | ശ്രീ. ഇ.എൻ. ഗോവിന്ദൻകുട്ടി, ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) കേരള ഖാദി-ഗ്രാമവ്യവസായ ബോർഡ് വഞ്ചിയൂർ, തിരുവനന്തപുരം. | കൺവീനർ |
| 3. | ശ്രീ. ടി.ആർ.സുബ്രഹ്മണ്യം, റ്റി.സി.28/292, തമിൽ വിഹാർ, അംബുജവിലാസം റോഡ്, തിരുവനന്തപുരം. | മെമ്പർ |
| 4. | ശ്രീ. കെ.പി. ഗോപാല പൊതുവാൾ, സെക്രട്ടറി, കേരള ഖാദി ഗ്രാമവ്യവസായ ഫെഡറേഷൻ, വാടിവട്ടം, എറണാകുളം. | " |
| 5. | ശ്രീ. വി. കേശവൻ, ഉഷസ്സ്, എരുമപ്പെട്ടി, തൃശൂർ | " |
| 6. | ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ, ജനറൽ സെക്രട്ടറി, ഖാദി വർക്കേഴ്സ് ഫെഡറേഷൻ (സി.ഐ.റ്റി.യു) സംസ്ഥാന കമ്മിറ്റി, എ.കെ.ജി. മന്ദിരം, പയ്യന്നൂർ. | (തൊഴിലാളി പ്രതിനിധി) |
| 7. | ശ്രീ. ജോസഫ് പെരുമ്പിള്ളി, സ്റ്റേറ്റ് പ്രസിഡന്റ്, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് വർക്കേഴ്സ് ഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) ഐ.എൻ.റ്റി.യു.സി. ജില്ലാ ഓഫീസ്, തൃശൂർ - 1. | (തൊഴിലാളി പ്രതിനിധി) |

.....2

ഖാദിമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് മേൽപ്പറഞ്ഞ സമിതി വിശദമായ റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്നും, റിപ്പോർട്ട് പൂർത്തീകരിക്കുന്നതിന് മുമ്പായി സമിതി ഇക്കാര്യം മുൻ എം.പി. ശ്രീ. വി.എം. സുധീരനുമായി ചർച്ച ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.എസ്. ശ്രീനിവാസ് ഐ.എ.എസ്
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി

1. സെക്രട്ടറി, ഖാദിബോർഡ്, തിരുവനന്തപുരം.
2. ശ്രീ. പി. ഗോപിനാഥൻ നായർ, ചെയർമാൻ, കേരള ഗാന്ധി സ്മാരകനിധി, തൈക്കാട്, തിരുവനന്തപുരം.
3. ശ്രീ. ഇ.എൻ. ഗോവിന്ദൻകുട്ടി, ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) കേരള ഖാദി-ഗ്രാമവ്യവസായ ബോർഡ് വഞ്ചിയൂർ, തിരുവനന്തപുരം.
4. ശ്രീ. ടി.ആർ.സുബ്രഹ്മണ്യം, റ്റി.സി.28/292, തമിൽ വിഹാർ, അംബുജവിലാസം റോഡ്, തിരുവനന്തപുരം.
5. ശ്രീ. കെ.പി. ഗോപാല പൊതുവാൾ, സെക്രട്ടറി, കേരള ഖാദി ഗ്രാമവ്യവസായ ഫെഡറേഷൻ, വാടിവട്ടം, എറണാകുളം.
6. ശ്രീ. വി. കേശവൻ, ഉഷസ്സ്, എരുമപ്പെട്ടി, തൃശൂർ
7. സി. കൃഷ്ണൻ, എം.എൽ.എ, ജനറൽ സെക്രട്ടറി, ഖാദി വർക്കേഴ്സ് ഫെഡറേഷൻ (സി.ഐ.റ്റി.യു) സംസ്ഥാന കമ്മിറ്റി, എ.കെ.ജി. മന്ദിരം, പയ്യന്നൂർ.
8. ശ്രീ. ജോസഫ് പെരുമ്പിള്ളി, സ്റ്റേറ്റ് പ്രസിഡന്റ്, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് വർക്കേഴ്സ് ഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) ഐ.എൻ.റ്റി.യു.സി ജില്ലാ ഓഫീസ്, തൃശൂർ - 1.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
പി.എ. അഡീഷണൽ ചീഫ് സെക്രട്ടറി (വ്യവസായം).
(ശ്രീ. വി.എം. സുധീരൻ, മുൻ എം.പി. കവറിങ്ങ് ലെറ്റർ സഹിതം)

ശരിപ്പകർപ്പ്

സെക്ഷൻ ഓഫീസർ